ലോറിക്കാരുടെ പണിമുടക്കുമൂലം പെട്രോൾ വിതരണം സ്തംഭിച്ച വിവരം

851 [1308] . ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അടുത്ത കാലത്തായി ലോറിക്കാരുടെ പണിമുടക്കുമൂലം സംസ്ഥാനത്തൊട്ടാകെ പെട്രോൾ വിതരണം സ്തംഭിച്ച വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഭാവിയിലെങ്കിലും ഇങ്ങനെ ഒരു സ്ഥിതി വിശേഷം ഉണ്ടാകാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിൽ ഇതിനുവേണ്ട വകുപ്പുകൾ കൂട്ടിച്ചേർക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) ഐ. ഓ. സി..യുടെ ഔട്ട്ലെറ്റുകൾ ഇല്ലാത്തിടത്തു പെട്രോളിന് കുറെ ക്ഷാമം നേരിട്ടതായി അറിയാം.

(ബി) വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇതിന് സംസ്ഥാന ഗവൺമെൻറിന് അധികാരമില്ല.

പെട്രോളിൽ മായംചേർക്കൽ

852 [1309] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഈ അടുത്തകാലത്ത് പെട്രോൾ വിതരണത്തിൽ ഏർപ്പെടുത്തിയെന്ന് പറയപ്പെടുന്ന 'ഫിൽട്ടർ' സമ്പ്രദായം കേരളത്തിലെ ഒറ്റ പെട്രോൾ ബങ്കിൽപോലും കാണാനില്ലെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

ഇല്ല. പല ബങ്കുകളിലും 'ഫിൽട്ടർ' പേപ്പർ ടെസ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെന്നാണ് ഗവൺമെൻറിനു കിട്ടിയ റിപ്പോർട്ടിൽ നിന്നറിയുന്നത്.

കേന്ദ്രത്തിൽനിന്നും നല്ല അരി കിട്ടുന്നതിനുള്ള നടപടി

853 [1310] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ന്യായവില ഷാപ്പുവഴി വിതരണം ചെയ്യുന്ന അരി മോശമാണെന്നതിനെ പരിഗണിച്ച് കേന്ദ്രത്തിൽനിന്നും തുടർച്ചയായി നല്ല അരി കിട്ടുന്നതിന് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മാർഗ്ഗത്തിൽകൂടി ശ്രമിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly